(സി) സംസ്ഥാനത്തെ വിവിധ കായലുകളിലും ജലാശയങ്ങളിലും ഈ സൗകര്യം ഏർപ്പെടുത്താനാണ് ഉദ്ദേശ്യം.

(ഡി) ഉണ്ട്.

ബാക്ക് വാട്ടർ ടൂറിസം

106 [263] ശ്രീ. എം.എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലൂടെ ഒഴുകുന്ന റ്റി. എസ്. കനാലിന്റെ മലിനീകരണം ഇല്ലാതാക്കുന്നതിനും ബാക്ക് വാട്ടർ ടൂറിസം പദ്ധതിയിലുൾപ്പെടുത്തി പദ്ധതി തയ്യാറാക്കുന്നതിനുമായിട്ടുള്ള പ്രോജക്ട് ഇപ്പോൾ ടൂറിസം ഡയറക്ടറുടെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷത്തിൽ ബാക്ക് വാട്ടർ ടൂറിസത്തിന് എത്ര കോടി രൂപ അനുവദിച്ചെന്നും ഇതിൽ എത്ര രൂപ ഏതൊക്കെ പ്രോജക്ടുകൾക്ക് അനുവദിച്ചെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

(സി) ബാക്ക് വാട്ടർ ടൂറിസത്തിന് താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

ആലപ്പുഴ കനാലിന്റെ വികസനം	-	150.25 ലക്ഷം
പുന്നമടയിൽ ബോട്ട് ജെട്ടി	-	50.24 ലക്ഷം
ആക്കുളം കായലിന്റെ മണ്ണ് മാറ്റൽ	-	100.00 ലക്ഷം
മല്ലൂർകടവ് ശിവക്ഷേത്രത്തിനടുത്ത് കുളിക്കടവ്	-	36.00 ലക്ഷം
ആലപ്പുഴ ചങ്ങനാശ്ശേരി കനാൽ	-	33.00 ലക്ഷം
കുമരകത്തിന്റെ വികസനം	-	150.00 ലക്ഷം
എറണാകുളത്ത് ബോട്ടുജെട്ടിയുടെ നിർമ്മാണം	-	159.92 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly